**ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നടപടി ക്രമം**

**(ഹാജർ: ശ്രീ. സജീവൻ ഇ ജി )**

വിഷയം: -ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെകർത്തവ്യങ്ങളും, ഉത്തരവാദിത്വങ്ങളും പുനർനിർണയിക്കുന്നത് -പുതിയ ഓഫീസ് ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്-

**ഓഫീസ് ഉത്തരവ് നമ്പർഎച്ച്സി- 16/2024 തിയതി 04/12/2024**

ഈ ഓഫീസിൻറെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ,ഫലപ്രദവും,പൊതുജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുകയും ചെയ്യേണ്ടതിലേക്ക് ഓരോ ജീവനക്കാരൻറെയുംകർത്തവ്യങ്ങളും,ഉത്തരവാദിത്തങ്ങളും ചുമതലകളും ചുവടെ ചേർത്ത പ്രകാരം നിശ്ചയിച്ച് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

**പൊതു ചുമതലകൾ**

1. ഗ്രാമപഞ്ചായത്ത് പുറപ്പെടുവിക്കുന്ന പൌരാവകാശ രേഖയിലും സേവനാവകാശ നിയമത്തിലും പറയുന്ന പ്രകാരംപൊതു ജനങ്ങൾക്ക് സേവനങ്ങൾ സമയബന്ധിതമായി നൽകുക.
2. ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ നിശ്ചയിക്കപ്പെട്ട കൃത്യ സമയത്ത് തങ്ങളുടെ ചുമതലകൾ നിർവ്വഹിക്കുക.
3. ഫ്രണ്ട് ഓഫീസ് കൌണ്ടറിൽ ലഭിക്കുന്ന അപേക്ഷകളിൽ അന്നന്ന് സേവനം നൽകേണ്ടവ അതാത് ദിവസം കൈപ്പറ്റേണ്ടതും മറ്റ് അപേക്ഷകൾ അതാത് ദിവസം വൈകുന്നേരം 4 മണിക്ക് ഏറ്റെടുക്കേണ്ടതുമാണ്.സേവനം നൽകേണ്ട വിവരങ്ങൾ ഫ്രണ്ട് ഓഫീസ് ഡയറിയിൽ രേഖപ്പെടുത്തേണ്ടതും,ചാർജ് കൈമാറുമ്പോൾ ഡ്യൂട്ടി റജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.അപേക്ഷകളിൽ നടപടി ക്രമം പൂർത്തീകരിച്ച് വിതരണത്തിനായി കൌണ്ടറിൽ നൽകേണ്ടതുമാണ്.
4. ഫയലുകൾ കൈകാര്യം ചെയ്യുന്നതിന് MOP പാലിക്കണം. സൂചിക മുഖേന കുറിപ്പ് എഴുതേണ്ടത് നിർബന്ധമാണ്.മേലധികാരികൾക്ക് സമർപ്പിക്കുന്ന എല്ലാ ഫയലുകളും ഹെഡ് ക്ലാർക്ക് മുഖേന സമര്പ്പിക്കേണ്ടതാണ്.
5. എല്ലാ സെക്ഷനുകളും ജീവനക്കാരും സൂചിക മുഖേന ഫയൽ കൈകാര്യം ചെയ്യേണ്ടതാണ്.
6. ധന സംബന്ധമായ ഇടപാടുകളിൽ സെക്ഷൻക്ലാർക്ക്,അക്കൌണ്ടൻറ് എന്നിവർ കുറിപ്പെഴുതി ഹെഡ് ക്ലാർക്ക് വഴി സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.
7. സെക്ഷനുകൾ ചാർജ് കൈമാറുമ്പോൾ /ഏറ്റെടുക്കുമ്പോൾ ചാർജ് ഹാൻഡ് ഓവർ രജിസ്റ്ററിൽ ഓഫീസ് ഓർഡർ വഴി ചുമതലപ്പെടുത്തിയിട്ടുള്ളതും ,കൈകാര്യം ചെയ്യുന്നതുമായ മുഴുവൻ രജിസ്റ്ററുകളുടെയും ,ഫയലുകളുടെയും രേഖകളുടെയും വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി ഹെഡ് ക്ലാർക്കിൻറെ സാന്നിദ്ധ്യത്തിൽ പരസ്പരം ബോദ്ധ്യപ്പെട്ട് കൈമാറേണ്ടതും /ഏറ്റെടുക്കേണ്ടതും രജിസ്റ്ററിൽ സെക്ഷൻ ക്ലർക്കുമാരും , ഹെഡ് ക്ലാർക്കും ഒപ്പ് വെക്കേണ്ടതാണ്.
8. ഏൽപ്പിക്കപ്പെട്ട വിഷയങ്ങളിൽ വരുന്ന നിയമ സഭാ ചോദ്യങ്ങൾക്കുള്ള മറുപടി,D.O ലെറ്ററുകൾ,രജിസ്റ്റേഡ് തപാലുകൾ, ഗൂഗിൾ റിപ്പോർട്ടുകൾ, മെയിൽ മുഖേനയോ, തപാൽ സെക്ഷനിലോ ലഭിച്ച് 24 മണിക്കൂറിനകം അല്ലെങ്കിൽ ആവശ്യപ്പെടുന്ന സമയത്തിനകം തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.
9. വിവരാവകാശ നിയമപ്രകാരമുള്ള തപാലുകൾക്ക് മുന്തിയ പരിഗണന നൽകുകയും ,സമയബന്ധിതമായി മറുപടി തയ്യാറാക്കി നൽകുകയും ചെയ്യേണ്ടതാണ്.വീഴ്ച്ചകൾ ഗുരുതരമായ കൃത്യവിലോപമായി കണക്കാക്കുന്നതാണ്.യഥാസമയം കർത്തവ്യങ്ങൾ നിർവ്വഹിക്കാതിരിക്കുന്നതു

മൂലം പഞ്ചായത്തിനെതിരെ പിഴ ചുമത്തുകയാണങ്കിൽ ആയതിൻറെ ഉത്തരവാദിത്വം ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കിൽ നിക്ഷിപ്തമായിരിക്കും.

10. കോടതി വ്യവഹാരവുമായി ബന്ധപ്പെടുന്ന വിഷയങ്ങൾക്ക് മുന്തിയ പരിഗണനയും സമയബന്ധിതമായി നടപടികൾ സ്വീകരിക്കുകയും ,ബന്ധപ്പെട്ട സെക്ഷൻറെ സൂക്ഷിപ്പിലുള്ള Suit Register ൽ ചേർത്ത് സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.കേസുകളുടെ പുരോഗതി Suit Register ലും കേസ് ഡയറിയിലും ,പ്രോസിക്യൂഷൻ രജിസ്റ്ററിലും രേഖപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.
11. ഓംബുഡ്സ്മാൻ,മനുഷ്യാവകാശ കമ്മീഷൻ,ട്രൈബ്യൂണൽ,വിവരാവകാശ കമ്മീഷൻ എന്നീ ഫോറങ്ങളിലും സംവിധാനങ്ങളിലും പഞ്ചായത്തിനെതിരെയുള്ള കേസുകളിൽ ആവശ്യമായ നടപടികൾ സമയബന്ധിതമായി സ്വീകരിക്കുകയും,ബന്ധപ്പെട്ട രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കേണ്ടതുമാണ്.
12. രശീതി ബുക്ക്,പണം,വിലപിടിപ്പുള്ള വസ്തുക്കൾ,നിയമാനുസൃത റിക്കാർഡുകൾ തുടങ്ങിയവ ഉത്തരവാദിത്തപ്പെട്ട സെക്ഷനുകൾ മാത്രം കൈകാര്യം ചെയ്യേണ്ടതാണ്.
13. സെക്രട്ടറി/അസി.സെക്രട്ടറി/ഹെഡ് ക്ലാർക്ക് എന്നിവരുടെ നിർദ്ദേശ പ്രകാരം ട്രഷറി/ബാങ്ക് ഡ്യൂട്ടി നിർവ്വഹിക്കാൻ അസി.സെക്രട്ടറി/ഹെഡ് ക്ലാർക്ക് /ക്ലർക്കുമാർ ബാദ്ധ്യസ്ഥരാണ്.
14. തങ്ങൾക്കേൽപ്പിക്കപ്പെട്ടിട്ടുള്ള വിഷയങ്ങളിൽ ഭരണസമിതി തീരുമാനം ആവശ്യമുള്ളവർ വ്യക്തമായ കുറിപ്പുകളോടെ വിഷയം രേഖാമൂലം സെക്രട്ടറിയുടെ/അസി.സെക്രട്ടറിയുടെ/ഹെഡ് ക്ലാർക്കിൻറെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും അജണ്ട റജിസ്റ്ററിൽ ചേർക്കാൻ നടപടി സ്വീകരിക്കേണ്ടതും സക® മ്മ സോഫ്റ്റ് വെയ® പ്രകാരം അജണ്ട കുറിപ്പ് തയ്യാറാക്കേണ്ടതുമാണ്. ഭരണസമിതി തീരുമാനങ്ങളുടെ പകർപ്പുകൾ ബന്ധപ്പെട്ട സെക്ഷനിൽ നിന്നും /സകർമ്മയിൽ നിന്നും ശേഖരിച്ച് ബന്ധപ്പെട്ട ഫയലുകളിൽ സൂക്ഷിക്കേണ്ടതും തീരുമാനങ്ങൾക്കനുസൃതമായി സമയബന്ധിതമായി നടപടികൾ സ്വീകരിക്കേണ്ടതുമാണ്.പഞ്ചായത്ത് തീരുമാനങ്ങൾകൃത്യമായി സകർമയിൽ പരിശോധന നടത്തേണ്ടതാണ്. പഞ്ചായത്ത് തീരുമാനങ്ങളിൽ സമയബന്ധിതമായി തുടർ നടപടി സ്വീകരിക്കാത്തത് മൂലമുള്ള വീഴ്ചകൾക്ക് ബന്ധപ്പെട്ടവർ ഉത്തരവാദിയാകുന്നതാണ്. മുൻ മാസത്തെ പഞ്ചായത്ത് തീരുമാനങ്ങളിൽ സ്വീകരിച്ച നടപടികൾ തൊട്ടടുത്ത മാസം പത്തിനകം അസിസ്റ്റന്റ് സെക്രട്ടറിക്ക് നൽകേണ്ടതാണ്. അസിസ്റ്റന്റ് സെക്രട്ടറി ഇതു സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറിക്ക് വീഴ്ച കൂടാതെ നൽകേണ്ടതുമാണ്.
15. തങ്ങളുടെ കൈകാര്യ വിഷയങ്ങളുമായി ബന്ധപ്പെട്ട യോഗങ്ങളിൽ പങ്കെടുക്കേണ്ടതും രേഖപ്പെടുത്തലുകൾ നടത്തേണ്ടതുമാണ്.
16. നികുതികൾ,ഫീസുകൾ സംബന്ധിച്ച ഡിമാൻറ് രജിസ്റ്ററിലും അസസ്മെൻറ് രജിസ്റ്ററുകളിലും സെക്ഷൻ കൈകാര്യം ചെയ്യുന്ന ക്ലാർക്ക് തന്നെ രേഖപ്പെടുത്തലുകൾ നടത്തി ഓഫീസ് മേലധികാരിയുടെ സാക്ഷ്യപ്പെടുത്തലുകൾ വാങ്ങേണ്ടതാണ്. മറ്റു ജീവനക്കാർ ഇത്തരം ഫയലുകൾ ആവശ്യമായ നടപടികൾ സ്വീകരിച്ച് സെക്ഷൻ കൈകാര്യം ചെയ്യുന്ന ജീവനക്കാർക്ക് കൈമാറ്റം ചെയ്യേണ്ടതാണ്.
17. അറ്റൻറൻസ് രജിസ്റ്ററുകളിൽ ഓഫീസിൽ ഹാജരാകുന്ന ദിവസങ്ങളിൽ ഹാജർ രേഖപ്പെടുത്തേണ്ടതും ,ഓഫീസ് ആവശ്യങ്ങൾക്കായി പുറത്ത് പോകുമ്പോൾ മൂവ്മെൻറ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.അവധികൾക്ക് മുൻകൂട്ടി അപേക്ഷ സമർപ്പിച്ച് അനുവാദം വാങ്ങേണ്ടതാണ്.
18. കാഷ്ചെസ്റ്റിൻറെ ഉത്തരവാദിത്തം അക്കൌണ്ടൻറിനും,കാഷ്യർക്കും മാത്രമായിരിക്കും.അക്കൌണ്ടൻറിൻറെ സാന്നിദ്ധ്യത്തിൽ കാഷ്യർ ചെസ്റ്റിൽ സൂക്ഷിക്കുന്ന പണം കൈകാര്യം ചെയ്യേണ്ടതാണ്. ഹെഡ് ക്ലാർക്ക് ഇത് മോണിറ്റർ ചെയ്യേണ്ടതാണ്.

19. അപേക്ഷകൾക്കും ,പരാതികൾക്കും തപാലുകൾക്കും കൈപ്പറ്റ് രശീതി നൽകേണ്ടതാണ്.സേവനം നൽകപ്പെടുന്ന തിയ്യതി രേഖപ്പെടുത്തി നൽകേണ്ടതാണ്.എല്ലാ ഫയലുകളിലും സമയബന്ധിതമായി നടപടി സ്വീകരിക്കേണ്ടതാണ്. ഫയലുകൾ സൂചിക മുഖേന സമർപ്പിക്കേണ്ടതാണ്
20. ഈ പുതുക്കിയ ഉത്തരവ് പ്രകാരം ഏതെങ്കിലും ഒരു പ്രത്യേക സെക്ഷനുകളിലെ ചുമതലകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും ചുമതലകൾ ആയത് നിലവിൽ നിർവ്വഹിച്ച് വരുന്ന ക്ലാർക്ക് തന്നെ തുടർന്ന് നിർവ്വഹിക്കേണ്ടതാണ്.
21. ഉത്തരവ് പ്രകാരം ഏൽപ്പിച്ചിട്ടുള്ള ഏതെങ്കിലും ചുമതലയുടെ/ഉത്തരവാദിത്വത്തിൻറെ വീഴ്ച്ച മൂലം ഉണ്ടാകുന്ന സാമ്പത്തിക നഷ്ടങ്ങൾക്ക് /പ്രതിസന്ധികൾക്ക് /കാലതാമസങ്ങൾക്ക് ബന്ധപ്പെട്ട സെക്ഷന് വ്യക്തിപരമായി ബാദ്ധ്യത ഉണ്ടായിരിക്കുന്നതും വീഴ്ച്ചകൾ വരുത്തുന്നവരുടെ മേൽ കർശനമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതുമാണ്.
22. പഞ്ചായത്തിലെ എല്ലാ തപാലുകളും ഐ എൽ ജി എം എസ് സോഫ്റ്റ് വെയർ വഴി സ്വീകരിക്കേണ്ടതും ബാക്ക് ഓഫീസിൽ ടി സോഫ്റ്റ് വെയർ വഴി തന്നെ ഫയലിൻമേലുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.
23. ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നിലനിർത്തുന്നതിനായി പഞ്ചായത്തിൽ നടക്കുന്ന പ്രവർത്തനങ്ങളിൽ അവരവർക്ക് ഏൽപ്പിച്ച് നൽകുന്ന ചുമതലകൾ നിർവഹിക്കേണ്ടതാണ്

<u>അസിസ്റ്റൻറ് സെക്രട്ടറി</u>

1. തൊഴിലുറപ്പ് നിർവ്വഹണ ഉദ്യോഗസ്ഥൻ
2. കുടുംബശ്രീ,സി.ഡി.എസ് മെമ്പർ സെക്രട്ടറി
3. സാക്ഷരതാ പഞ്ചായത്ത് തല കോ-ഓഡിനേറ്റർ
4. അക്ഷയ പഞ്ചായത്ത് തല കോ-ഓഡിനേറ്റർ
5. സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണം,പുരോഗതി റിപ്പോർട്ട് സമർപ്പിക്കൽ
6. തൊഴിൽരഹിത വേതനത്തിന് സെക്രട്ടറിക്ക് സമർപ്പിക്കുന്ന അപേക്ഷകളിൻമേൽ മേൽ നോട്ടം നടത്തി റിപ്പോർട്ട് സമർപ്പിക്കൽ,തൊഴിൽരഹിത വേതന വിതരണ മേൽ നോട്ടം എന്നിവ.
7. ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്ററുകളുടെ ചുമതലക്കാരനും ,കാലാകാലങ്ങളിൽ വേണ്ടതായ എല്ലാ രേഖപ്പെടുത്തലുകളും ആസ്തി രജിസ്റ്ററിൽ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിൻറെ മേൽനോട്ടം.
8. ഗ്രാമപഞ്ചായത്തിൻറെ ജനറൽ,സ്റ്റാൻറിംഗ് കമ്മറ്റി യോഗങ്ങളിൽ സെക്രട്ടറിയോടൊപ്പം പങ്കെടുക്കുക.
9. ഗ്രാമപഞ്ചായത്തിനു വേണ്ടി വിവിധ കോടതികളിൽ സെക്രട്ടറിയുടെ നിർദ്ദേശാനുസരണം ഹാജരാവുകയും,വ്യവഹാരങ്ങളുടെ നടത്തിപ്പ് ചുമതലയും തുടങ്ങി സ.ഉ(എം.എസ്) നമ്പർ 218/2013 തസ്വഭവ ഉത്തരവ് പ്രകാരം നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന മുഴുവൻ ചുമതലകളും.
10. ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർ സിസ്റ്റത്തിലൂടെ പെൻഷൻ വിതരണം സാദ്ധ്യമാക്കുന്നതിന് മുഴുവൻ പെൻഷൻ ഗുണഭോക്താക്കളെക്കൊണ്ട് ബാങ്ക്/പോസ്റ്റ് ഓഫീസ് അക്കൌണ്ടും ആധാർ റജിസ്ട്രേഷനും നടത്തുന്നതിനുള്ള നോഡൽ ഓഫീസറായി പ്രവർത്തിക്കുക. സാമൂഹ്യ ക്ഷേമ പെൻഷനുമായി ബന്ധപ്പെട്ട കലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പാലിക്കുന്നതിന് നടപടി സ്വീകരിക്കുക.
11. 2013 ഏപ്രിൽ 1 മുതൽ പ്രാബല്യം നൽകിക്കൊണ്ടുള്ള വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പിരിവ് ഉദ്യോഗസ്ഥർക്കും,ബിൽഡിംഗ് സെക്ഷൻ കൈകാര്യം ചെയ്യുന്ന എ3 സെക്ഷൻ ക്ലർക്കിനും വേണ്ടതായ മാർഗ്ഗ നിർദ്ദേശം നൽകുകയും വസ്തു നികുതി റിട്ടേൺ രജിസ്റ്റർ,അസസ്മെൻറ്

രജിസ്റ്റർ,ഡിമാൻറ് രജിസ്റ്റർ എന്നിവ കുറ്റമറ്റ രീതിയിൽ തയ്യാറാക്കുന്നെന്ന് ഉറപ്പ വരുത്തുകയും ,വസ്തു നികുതി പരിഷ്കരണത്തിൻറെ നോഡൽ ഓഫീസറായി പ്രവർത്തിക്കുകയും ചെയ്യുക.

12. ഓഫീസിൻറെ സുഗമമായ പ്രവർത്തനത്തിനും ,പൊതുജനങ്ങൾക്ക് കാര്യക്ഷമമായ രീതിയിൽ സേവനം ലഭ്യമാക്കുന്നതിനും ആവശ്യമായ മാർഗ നിർദ്ദേശങ്ങൾ നൽകുക.
13. പട്ടികജാതി വിഭാഗം പ്രൊജക്ടിൻറെ നിർവ്വഹണ ഉദ്യോഗസ്ഥനെന്ന നിലയിലുള്ള മുഴുവൻ ചുമതലകളും നിർവ്വഹിക്കുക.
14. സെക്രട്ടറിയുടെ അഭാവത്തിൽ ഓഫീസ് ഹെഡ് ആയി പ്രവർത്തിക്കുക.കൂടാതെ പൊതു ഉത്തരവാദിത്വമായി കാണിച്ച മുഴുവൻ ചുമതലകളും ബാധകവുമാണ്.
15. സബ് റജിസ്ട്രാർ എന്ന നിലയ്ക്ക് ജനനം, മരണം വിവാഹം എന്നിവ രജിസ്റ്റർ ചെയ്യുക, സർട്ടിഫിക്കറ്റുകൾ ഒപ്പിട്ടു നൽകുക.
16. കോടതിയുമായി ബന്ധപ്പെടാത്ത വിഷയങ്ങളിലുള്ള ഓണർഷിപ്പ് സ® ട്ടിഫിക്കറ്റുകൾ, ബി പി എൽ സർട്ടിഫിക്കറ്റുകൾ, വിവിധ സാക്ഷ്യപത്രം എന്നിവ ഒപ്പിട്ടു നൽകുക.
17. റിക്കാർഡ് റൂമിൽ സൂക്ഷിച്ചിരിക്കുന്ന ഫയൽ/രജിസ്റ്റർ ആവശ്യമായി വരുന്ന പക്ഷം ആയവ റിക്കാർഡ് റൂം കീപ്പറുടെ അനുവാദത്തോടെ ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തി കൈപ്പറ്റേണ്ടതും ഉപയോഗം കഴിഞ്ഞ ശേഷം ഭദ്രമായി തിരികെ ഏല്പിക്കേണ്ടതുമാണ്.
18. കൂടാതെ സർക്കാർ അതാത് കാലത്ത് പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുക.

<u>ഹെഡ് ക്ലാർക്ക്</u>

1. MOP പ്രകാരമുള്ള മിനിസ്റ്റീരിയൽ തലവനായി പ്രവർത്തിക്കുക.ഓഫീസിൻറെ സുഗമവും, കാര്യക്ഷമവും ,ഫലപ്രദവുമായ നടത്തിപ്പിന് സെക്രട്ടറി/അസി.സെക്രട്ടറിയെ സഹായിക്കുക.
2. ജീവനക്കാരുടെ അറ്റൻറൻസ് രജിസ്റ്റർ,മൂവ്മെൻറ് രജിസ്റ്റർ, പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ, കാഷ്വൽ ലീവ് രജിസ്റ്റർ,ഫോൺ മെസേജ് രജിസ്റ്റർ,സ്റ്റാഫ് മീറ്റിംഗ് മിനുട്സ്, പൊതു മിനുട്സ്, മെയിൽ രജിസ്റ്റർ എന്നിവയുടെ കസ്റ്റോഡിയനും കാര്യകർത്താവുമായിരിക്കും.
3. ജീവനക്കാർക്ക് നിയമാനുസൃത നിർദ്ദേശങ്ങൾ നൽകുക,മേൽനോട്ടം വഹിക്കുക,ഓഫീസിൻറെ സുഗമമായ പ്രവർത്തനം ഏകോപിപ്പിക്കുക.
4. ഫ്രണ്ട് ഓഫീസ് സൂപ്പർവൈസർ എന്ന നിലയിൽ ആയതിൻറെ പ്രവർത്തനം യഥാവിധി നടക്കുന്നുണ്ടെന്ന് ഉറപ്പ വരുത്തുക.
5. ഫ്രണ്ട് ഓഫീസിൽ വരുന്ന എല്ലാ തപാലുകളും ഇ മെയിലുകളും ഐ എ® ജി എം എസി® ചേ® ക്കുന്നുണ്ടെന്ന് ഉറപ്പ വരുത്തുക. പോസ്റ്റൽ മുഖേനയുള്ള എല്ലാ തപാലുകളും സെക്രട്ടറിക്ക് വേണ്ടി ഒപ്പിട്ട് വാങ്ങുകയും ആയത് രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറിക്ക് സമർപ്പിക്കുക.
6. സെക്രട്ടറി/അസി.സെക്രട്ടറി ഓഫീസിലില്ലാത്ത സാഹചര്യത്തിൽ ലഭിക്കുന്ന തപാലുകൾ സെക്ഷനിൽ നൽകി തുടർ നടപടികൾ സ്വീകരിക്കുക.
7. ക്ലാർക്ക്മാർ മേൽനടപടിക്കായി സമർപ്പിക്കുന്ന എല്ലാ ഫയലുകളും രേഖകളും പരിശോധന നടത്തി ആവശ്യമായ മേൽകുറിപ്പോടുകൂടി സെക്രട്ടറിക്ക്/അസി.സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.
8. സെക്രട്ടറി/അസി.സെക്രട്ടറിയുടെ അഭാവത്തിൽ അടിയന്തിരമായ ഘട്ടങ്ങളിൽ ആവശ്യമായ നടപടികൾ യഥാസമയം നടത്തുക.
9. ക്ലാർക്ക്മാരുടെയും,മറ്റ് സബോർഡിനേറ്റ് ജീവനക്കാരുടെയും പ്രവർത്തനങ്ങൾ നിയന്ത്രിക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുക.
10. പ്രതിമാസ കോൺഫറൻസുകൾ, അവലോകന യോഗങ്ങൾ എന്നിവയിലേക്കുള്ള റിപ്പോർട്ടുകൾ ബന്ധപ്പെട്ട സെക്ഷനുകളിൽ നിന്ന് ലഭ്യമാക്കി ക്രോഡീകരിച്ച് നൽകുന്നതിന് ഉറപ്പവരുത്തുക.
11. യോഗ നടപടികൾ ജനപ്രതിനിധികൾ ഉൾപ്പെടെ ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക. പഞ്ചായത്ത് തീരുമാനത്തിൻറെ കോപ്പി മെമ്പ® മാ® ക്ക് ലഭ്യമാക്കേണ്ടതാണ്.

12. സക® മ്മ പരിശോധിച്ച് തീരുമാനങ്ങളിൽ ഓരോ ജീവനക്കാരനും എടുത്ത നടപടി റിപ്പോ® ട്ട് ശേഖരിച്ച് തൊട്ടടുത്ത മാസം 10 ന് മുമ്പായി സെക്രട്ടറി മുഖേന പ്രസിഡണ്ടിന് ലഭ്യമാക്കേണ്ടതാണ്.
13. സെക്ഷനുകൾ ചാർജ്ജ് കൈമാറുമ്പോൾ നിലവിലുള്ള ഓഫീസ് ഓർഡർ പ്രകാരം ചാർജ്ജ് ഹാൻഡ് ഓവർ രജിസ്റ്ററിൽ രേഖപ്പെടുത്തി യഥാവിധി കൈമാറുന്നുവെന്ന് ഉറപ്പുവരുത്തുക.
14. സെക്രട്ടറിയുടെ നിർദ്ദേശപ്രകാരവും, അസി സെക്രട്ടറിയുടെ അഭാവത്തിലും യോഗങ്ങളിൽ പങ്കെടുക്കുക.
15. വിവരാവകാശ നിയമ പ്രകാരം ഗ്രാമ പഞ്ചായത്ത് ഓഫീസിലെ അസി. പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസറായി പ്രവർത്തിക്കുക.
16. അസി. ഇലക്ടറൽ റജി. ഓഫീസറായിപ്രവർത്തിക്കുക.
17. ദേശീയ തൊഴിലുറപ്പ പദ്ധതിയുടെ അസി. റജിസ്ട്രാർ ഓഫീസറായി പ്രവർത്തിക്കുക.
18. നിയമസഭാ/ലോക് സഭാ ചോദ്യം സംബന്ധിച്ച ഫയൽ കൈകാര്യം ചെയ്യുന്ന സെക്ഷനുകളിൽനിന്നും ആവശ്യമായ റിപ്പോർട്ടുകൾ വാങ്ങി സമയബന്ധിതമായി നൽകുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.
19. റവന്യൂ വരവ് പരിശോധിച്ച് ഓഫീസ് കളക്ഷൻ യഥാവിധി കാഷ്യർ/ അക്കൌണ്ടൻറ് അടവ് വരുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.
20. 100% നികുതികളും, ഫീസുകളും പിരിച്ചെടുക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ജീവനക്കാർക്ക് നൽകുക, ഫീൽഡ് ജീവനക്കാർക്ക് നൽകുന്ന ടാർജ്ജറ്റ് പ്രകാരം നികുതി പിരിച്ചെടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. വീഴ്ചകൾ സെക്രട്ടറിയുടെ / അസി സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുക.
21. ലോക്കൽഫണ്ട് ഓഡിറ്റ്/ എക്കൌണ്ട്ൻറ് ജനറൽ ഓഡിറ്റ്/ പെർഫോർമെൻസ്ഓഡിറ്റ് റിപ്പോർട്ടുകൾ തുടങ്ങിയ ഓഡിറ്റ്/ അന്വേഷണ റിപ്പോർട്ടുകള് സമയബന്ധിതമായി നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. ഓഡിറ്റ് തടസ്സങ്ങൾ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുക.
22. ഭരണസമിതി യോഗങ്ങളുടെ അജണ്ടയിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങൾ വിവിധ സെക്ഷനുകളിൽ നിന്നും ലഭ്യമാക്കി അജണ്ടയിൽ ഉൾപ്പെടുത്തുന്നതിന് സെക്രട്ടറി മുമ്പാകെ സമർപ്പിക്കുക. ഫയലുകൾ മീറ്റിംങ്ങിലേക്ക് സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട ക്ലാർക്കുമാർക്ക് നിർദ്ദേശം നൽകുക.
23. ഗ്രാമപഞ്ചായത്ത് വാഹനത്തിൻറെ മേൽനോട്ടം വഹിക്കുക.
24. റിക്കാർഡ് റൂമിൽ സൂക്ഷിച്ചിരിക്കുന്ന ഫയൽ/രജിസ്റ്റർ ആവശ്യമായി വരുന്ന പക്ഷം ആയവ റിക്കാർഡ് റൂം കീപ്പറുടെ അനുവാദത്തോടെ ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തി കൈപ്പറ്റേണ്ടതും ഉപയോഗം കഴിഞ്ഞ ശേഷം ഭദ്രമായി തിരികെ ഏല്പിക്കേണ്ടതുമാണ്
25. കോടതിയുമായി ബന്ധപ്പെടാത്ത വിഷയങ്ങളിലുള്ള ഓണർഷിപ്പ് സ® ട്ടിഫിക്കറ്റുകൾ, ബി പി എൽ സർട്ടിഫിക്കറ്റുകൾ, വിവിധ സാക്ഷ്യപത്രം എന്നിവ ഒപ്പിട്ട നൽകുക.

A1- അക്കൌണ്ടൻറ്

1. 01-08-2009 തിയ്യതിയിലെ ജി ഒ (എം.എസ്) 150/09 എൽ എസ് ജി സി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് അക്കൌണ്ട് സംബന്ധിച്ച എല്ലാ റജിസ്റ്ററുകളും, ബന്ധപ്പെട്ട രേഖകളും എഴുതി സൂക്ഷിക്കുക.
2. വിവിധ സെക്ഷനുകളിൽ നിന്നും ലഭിക്കുന്ന ധനപരമായ ഫയലുകളിൽ അഭിപ്രായക്കുറിപ്പ് രേഖപ്പെടുത്തി ഹെഡ്ക്ലർക്ക് മുഖാന്തിരം സെക്രട്ടറിക്ക് സമർപ്പിക്കുക.
3. ക്യാഷ് ചെസ്റ്റിൻറെ താക്കോൽ സൂക്ഷിക്കുക, കസ്റ്റോഡിയനായി പ്രവർത്തിക്കുക.

4. വിവിധ സെക്ഷനുകളിൽ നിന്നു വരുന്ന ബില്ലുകൾ പ്രകാരം ചെക്കുകൾ എഴുതി തയ്യാറാക്കുക.
5. ട്രഷറിയിലേക്കുള്ള ബില്ല് തയ്യാറാക്കി നൽകുക.
6. ഏതൊരു ചെലവും അതാതു സെക്ഷനുകൾ ബന്ധപ്പെട്ട രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയെന്ന് ഉറപ്പുവരുത്തുക.
7. ട്രഷറി ബിൽബുക്ക്, വിവിധ ബാങ്കുകളിലെ അക്കൗണ്ടുകൾ സംബന്ധിച്ച പാസ്ബുക്കുകൾ എന്നിവ സൂക്ഷിക്കുക.
8. നിർവ്വഹണ ഉദ്യോഗസ്ഥരുടെ റിക്വസിഷൻ പ്രകാരം അലോട്ട്മെൻറ് തയ്യാറാക്കി നൽകുന്നതിന് നടപടി സ്വീകരിക്കുക.
9. സബ്സിഡിറി ക്യാഷ്ബുക്ക്, ചെക്ക് &ഡ്രാഫ്റ്റ് രജിസ്റ്റർ, മണി ഓർഡർ രജിസ്റ്റർ, ബിൽ രജിസ്റ്റർ, ചെക്ക് ഇഷ്യൂ രജിസ്റ്റർ, ഇൻവെസ്റ്റ് മെൻറ് രജിസ്റ്റർ, ട്രഷറി/ ബാങ്ക് ഇൻവെസ്റ്റ് മെൻറ് ബാലൻസ് രജിസ്റ്റർ, വരവ് ചിലവ് രജിസ്റ്റർ , ഡെപോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവയെല്ലാം കൃത്യമായി എഴുതി സൂക്ഷിക്കുക.
10. ആസ്തി ബാദ്ധ്യത കണക്കുകൾ സൂക്ഷിക്കുക. പ്രസിഡൻറ്/സെക്രട്ടറിയുടെ ശ്രദ്ധയിൽ കൊണ്ടുവരിക.
11. ദിവസേനയുള്ള ഓഫീസ് കളക്ഷൻ കൃത്യമായി ബാങ്കിൽ അടവു വരുത്തുന്നുണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുക.
12. വൌച്ചറുകളും ബില്ലുകളും രശീതികളും ഭദ്രമായി സൂക്ഷിച്ച് ഓഡിറ്റ് മുമ്പാകെ ഹാജരാക്കുക. വൌച്ചറുകളിൽ ആവശ്യമായ രേഖകൾ ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
13. വാർഷിക ബജറ്റ് , ധനകാര്യ പത്രിക, പൊതുഭരണ റിപ്പോർട്ട് തയ്യാറാക്കുക.
14. എല്ലാ വിഭാഗം ഫണ്ടുകൾക്കും അപ്രോപ്രിയേഷൻ കൺട്രോൾ റജിസ്ററർ എഴുതി സൂക്ഷിക്കുക.
15. ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ പങ്കെടുക്കുകയും, ആയതിൻറെ മിനുട്ട്സ് കൃത്യമായി എഴുതി സൂക്ഷിക്കുക, അടുത്ത ഭരണ സമിതിയിൽ സമർപ്പിക്കുക.
16. ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ വരുന്ന എല്ലാ തപാലുകളും കൃത്യമായി സൂക്ഷിക്കുക.
17. എല്ലാമാസത്തെയും വരവ് ചെലവ് കണക്കുകൾ ധനകാര്യസ്റ്റാൻറിംഗ് കമ്മിറ്റിയില് അവതരിപ്പിച്ച് അംഗീകാരം വാങ്ങുക. ചെലവുകൾ അധികൃതമാക്കി സൂക്ഷിക്കുക. ബാങ്ക് അക്കൗണ്ടുകൾ സമയബന്ധിതമായി റീകൺസിലിയേഷൻ നടത്തുക.
18. ഇ ഗ്രാമസ്വരാജ് പോർട്ടൽ സംബന്ധിച്ച കാര്യങ്ങൾ.
19. ഡി സി ബി തയ്യാറാക്കുക.
20. ഉപയോഗിച്ച രശീതി ബുക്കുക® ഭദ്രമായി സൂക്ഷിക്കുക.
21. ഐ എ® ജി എം എസ് ഡബിൾ എൻട്രി അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തികളും കൃത്യമായി നിർവ്വഹിക്കുക, ആയത് ബൈൻറ് ചെയ്ത് സൂക്ഷിക്കുക.
22. സെൽഫ് ചെക്കിലൂടെ പിൻവലിക്കുന്ന സംഖ്യ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ അടയ്ക്കുമ്പോൾ ലഭിക്കുന്ന റസീറ്റുകളും വൌച്ചറുകളും കൃത്യമായി സൂക്ഷിക്കേണ്ട ബാധ്യത അക്കൗണ്ടിൻറേതാണ്.
23. ബഡ്ജറ്റ് മാന്വൽ പ്രകാരം ബഡ്ജറ്റ് യഥാസമയം തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
24. ജി.എസ്.ടി. രജിസ്ട്രേഷൻ ഓൺലൈൻ ഫയലിംഗ് എന്നിവയുമായി ബന്ധപ്പെട്ട നടപടികൾ സമയബന്ധിതമായി നി® വ്വഹിക്കുക.
25. വിവിധ സെക്ഷനുമായി ബന്ധപ്പെട്ട് വരുന്ന ജി.എസ്.ടി. , ഐ.ടി., KCWWF തുടങ്ങിയ വിവിധ സർക്കാർ അടവുകൾ ഏകോപ്പിപ്പിച്ച് അടവാക്കുന്നുണ്ടെന്നും, റിട്ടേണുകൾ സമയബന്ധിതമായി സമർപ്പിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തുക. ആയതിൽ വരുന്ന വീഴ്ച വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതായിരിക്കും.
26. സർക്കാർ അതാത് കാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്ക് വിധേയമായി പ്രവർത്തിക്കുക.

27. വിവിധ ഡെപോസിറ്റുകൾ മുൻകൂ   എന്നിവയുടെ യു.സി. വാങ്ങി ഫയലിൽ സൂക്ഷിക്കുക.
28. ഏതെങ്കിലും ബില്ലിൽ ആവശ്യമായ റസീറ്റുകളും വൌച്ചറുകളും ഇല്ലെങ്കിൽ ആയതിൻറെ പൂർണ്ണമായ ഉത്തരവാദിത്തവും ഓഡിറ്റ് തടസ്സവുംകൊണ്ട് പഞ്ചായത്തിനുണ്ടാകുന്ന ബാധ്യതയ്ക്ക് അക്കൌണ്ടൻറ് മാത്രം ഉത്തരവാദിയായിരിക്കുന്നതാണ്.
29. ജനറൽ പർപ്പസ് ഗ്രാൻറ്, തനത് ഫണ്ട്, ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവയുമായി ബന്ധപ്പെട്ട എല്ലാ ഫയലുകളുടേയും, റജിസ്റ്ററുകളുടേയും സൂക്ഷിപ്പ കൈകാര്യവും.
30. കാഷ്യർ നടത്തുന്ന പണമിടപാടുകളുടെ മേൽനോട്ടം നടത്തുക.
31. ഓഡിറ്റ് റിപ്പോർട്ട് തെയ്യാറാക്കുന്നതിന് സഹായിക്കുക, പെൻഡിംങ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുക. കൂടാതെ പൊതു ഉത്തരവാദിത്വമായി കാണിച്ച ചുമതലകൾ ബാധകമാകുന്നതാണ്.
32. റിക്കാർഡ് റൂമിൽ സൂക്ഷിച്ചിരിക്കുന്ന ഫയൽ/രജിസ്റ്റർ ആവശ്യമായി വരുന്ന പക്ഷം ആയവ റിക്കാർഡ് റൂം കീപ്പറുടെ അനുവാദത്തോടെ ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തി കൈപ്പറ്റേണ്ടതും ഉപയോഗം കഴിഞ്ഞ ശേഷം ഭദ്രമായി തിരികെ ഏല്പിക്കേണ്ടതുമാണ്.
33. കൂടാതെ പ്രസിഡൻറ്, സെക്രട്ടറി എന്നിവർ നിർദ്ദേശിക്കുന്ന മറ്റ് ഔദ്യോഗിക കർത്തവ്യങ്ങളും നിർവ്വഹിക്കുക.

<u>SC1 സെക്ഷൻ-(സീനിയ® ക്ലാ® ക്ക്)</u>

1. **<u>ക്യാഷറായി പ്രവർത്തിക്കുക</u>. ഓഫീസിലെ എല്ലാവിധ ധന ഇടപാടുകളും നിയമാനുസൃതം നടത്തുക.**
   a) ഓഫീസിൽ ദൈനംദിനം ഒടുക്കപ്പെടുന്ന നികുതികൾ, ഫീസുകൾ,MO റിട്ടേണുകൾ ,ചെക്കുകൾ,ഡ്രാഫ്റ്റുകൾ മറ്റു വരവുകൾ തുടങ്ങി എല്ലാ പണം വരവിനും ഓഫീസ് കളക്ഷൻ രശീതി നൽകുക. ഓഫീസ് രസീതി ഉപയോഗിക്കുന്നതിന് ഫ്രണ്ട് ഓഫീസ് ചാർജ്ജുള്ള ക്ലാർക്കിന് നൽകുന്ന പക്ഷം ആയതിൻറെ മേൽനോട്ടച്ചുമതല വഹിച്ച് ധന ഇടപാടുകൾ നിയമാനുസൃതം നടപ്പിലാക്കുക.
   b) വിവിധ ഉദ്യോഗസ്ഥരുടെ കളക്ഷൻകൈപ്പറ്റിയതു സംബന്ധിച്ച് വിവരം ഔട്ട്ഡോർ കളക്ഷൻ റജിസ്റ്ററിൽ ചേർത്ത് ഒപ്പ വെക്കേണ്ടതാണ്.
   c) ക്യാഷ് ചെസ്റ്റിന്റെ സൂക്ഷിപ്പകാരനായിരിക്കേണ്ടതാണ്.
   d) ഇംപ്രസ്റ്റ് അഡ്വാൻസ് യഥാസമയം റീക്കൂപ്പ് ചെയ്യുക, ഇംപ്രസ്റ്റ് ക്യാഷ് കസ്റ്റോഡിയനായിരിക്കുക.
   e) Day Book പ്രിൻറ് എടുത്ത് ബൈൻറ് ചെയ്ത് സൂക്ഷിക്കുക.
   f) ഓഫീസ് കളക്ഷൻ തുക തൊട്ടടുത്ത ദിവസം 11 മണിക്ക് മുമ്പായി ഓഫീസ് അറ്റൻറ് മുഖേന ബേങ്കിൽ അടക്കേണ്ടതും ഹെഡ് ക്ലാർക്ക് അക്കൌണ്ടന്റ് നെ കൊണ്ട് ഇനീഷ്യൽ ചെയ്ത് സൂക്ഷിക്കേണ്ടതുമാണ്. രസീതി ബുക്കുകളിൽ ഉപയോഗിച്ച കഴിഞ്ഞവയുടെ സുരക്ഷിതമായ സൂക്ഷിപ്പിനും, ഇവ ഓഡിറ്റിനു ഹാജരാക്കുന്നതിനും ആയവ രേഖാമൂലം അക്കൌണ്ടന്റിന് കൈമാറേണ്ടതാണ്.
2. **സ്റ്റേഷനറി സാധനങ്ങള് നിയമാനുസൃത നടപടിയിലൂടെ വാങ്ങുക.**
   a) എല്ലാ വിധ സ്റ്റോക്ക് റജിസ്റ്ററുകളും എഴുതി സൂക്ഷിക്കുക. ഓഫീസ് സ്റ്റേഷനറി സ്റ്റോക്ക്,ബുക്കുകളുടേയുംഫോറങ്ങളുടേയും സ്റ്റോക്ക് മുതലായവയുടെ കസ്റ്റോഡിയനായിരിക്കുക.
   b) സ്റ്റേഷനറി സാധനങ്ങളുടേയും, ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് വാങ്ങുന്ന റജിസ്റ്ററുകളുടേയും ഫോറങ്ങളുടേയും ഇൻഡൻറ് കൃത്യമായി സൂക്ഷിക്കുക. ഇവയുടെ സ്റ്റോക്ക് റജിസ്റ്റർകൃത്യമായി എഴുതി സൂക്ഷിക്കുക,ഓഫീസ് ഉപകരണങ്ങളുടെ സ്റ്റോക്ക് റജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുക.

c) ടൂൾ &രജിസ്ററർ, സ്റ്റോക്ക് റജിസ്റ്റർ എന്നിവ സൂക്ഷിക്കുകയും കൈകാര്യം ചെയ്യുക.
d) ഓഫീസിലെ ടെലഫോൺ, കമ്പ്യൂട്ടറുകൾ, ക്യാമറ എന്നിവയുടെയും മറ്റ് ഉപകരണങ്ങളുടേം കസ്റ്റോഡിയനായിരിക്കുക, ഇവ യഥാവിധി പ്രവർത്തിക്കുന്നുവെന്നും ദുരുപയോഗിക്കുന്നില്ലെന്നും ഉറപ്പുവരുത്തുക. ഉപകരണങ്ങളുടേയും റിപ്പയർ സമയബന്ധിതമായി നടപ്പാക്കുക. ഓഫീസ് മുദ്ര വിവിധ സീലുകൾ, സർട്ടിഫിക്കറ്റ് എന്നിവ ആവശ്യാനുസരണം സെക്രട്ടറിയുടെ ഉത്തരവ് വാങ്ങി തയ്യാറാക്കുക, സുരക്ഷിതമായി സൂക്ഷിക്കുക. സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുക.

3. തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഇൻസ്റ്റിറ്റ്യൂഷൻ റജിസ്റ്റർ, ഡിമാൻറ് രജിസ്റ്റർ, കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുകയും യഥാസമയം തൊഴിൽ നികുതി അടയ്ക്കുവാൻ ബാദ്ധ്യസ്ഥരായ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നോട്ടീസ് നൽകുക, തൊഴിൽ നികുതി യഥാസമയം അടയ്ക്കാത്ത വ്യക്തികൾക്കും പഞ്ചായത്ത് രാജ് ആക്ടിലെ ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം ജപ്തി, പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള തുടർ നടപടി സ്വീകരിക്കുക, തൊഴിൽ നികുതി റിട്ടേൺ കുറ്റമറ്റ രീതിയിൽ നടത്തുവാൻ ശ്രദ്ധിക്കുക.
4. മാർക്കറ്റ്, ചന്ത എന്നിവിടങ്ങളിൽ ശുചീകരണം ഉറപ്പുവരുത്തുക. ടൌണിൻറെ എല്ലാ ഭാഗങ്ങളും വൃത്തിയോടുകൂടി സൂക്ഷിക്കുന്നുവെന്ന് ഉറപ്പ വരുത്തുക.സ്വീപ്പർമാരുടെ സൂപ്പർവൈസറായി പ്രവർത്തിക്കുകയും ടൌൺ ക്ലീനിംഗിന് വേണ്ടതായ മാർഗ്ഗ നിർദ്ദേശങ്ങൾ സ്വീപ്പർമാർക്ക് നൽകുകയും ചെയ്യുക. ടൌണിലെ ഹോട്ടലുകൾ, ചായക്കടകൾ, സിനിമാ തീയേറ്റർ, മത്സ്യമാർക്കറ്റ് തുടങ്ങി പ്രധാനപ്പെട്ട എല്ലാ കേന്ദ്രങ്ങളും ഹെൽത്ത്ഇൻസ്പെക്ടറുമായി ചേ® ന്ന് യഥാസമയം പരിശോധിച്ച് ക്ലീനിംഗ് ഉറപ്പുവരുത്തുക.
5. ഓഫീസുമായി ബന്ധപ്പെട്ട കണ്ടിജൻറ് ചെലവുകളുടെ നടപടി സ്വീകരിക്കുക.പഞ്ചായത്ത് ഒടുക്കേണ്ടുന്ന KSEB,ടെലഫോൺ, വാട്ടർചാർജ്ജ്, തെരുവ് വിളക്ക് ചാ® ജ്,ലോൺഗഡുക്കൾ, ലൈബ്രറിസെസ്സ്, നികുതി ഫീസുകൾ, വിവിധ വരിസംഖ്യകൾ എന്നിവ നിശ്ചിത സമയത്തിനകം ഒടുക്കുന്നതിന് നടപടി സ്വീകരിക്കുക.
6. ശ്മശാനം സംബന്ധിച്ച ഫയൽ കൈകാര്യം.
7. വിവിധ സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ടുകൾ സംബന്ധിച്ച കാര്യങ്ങൾ.
8. ഫ്രണ്ട് ഓഫീസ് സെക്ഷൻക്ലാർക്ക് എന്ന നിലയിലുള്ള രജിസ്റ്ററുകളും, ഫയലുകളും ഡിസ്ട്രിബ്യൂഷൻ റജിസ്റ്ററുകളുടേയും സൂക്ഷിപ്പ് ചുമതല. ഓരോ മാസത്തേയും ഫ്രണ്ട് ഓഫീസ് ചുമതല ജീവനക്കാ® ക്ക് ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.
9. സുതാര്യ കേരളം, സി എം ഒ,ജില്ലാകലക്ടർ എന്നിവർക്ക് ലഭിക്കുന്ന പരാതി സംബന്ധിച്ച ഫയൽ കൈകാര്യവും സമയബന്ധിതമായി മറുപടി നൽകലും, പരാതി പരിഹാര സെൽ, ഫോ® ദി പീപ്പിൾ എന്നിവയിലൂടെ ലഭിക്കുന്ന പരാതി സംബന്ധിച്ച ഫയൽ കൈകാര്യവും.

10. ജീവനക്കാരുടെ ശമ്പളവും, അലവൻസും ബിൽ എഴുതി ക്യാഷ് വിതരണം ചെയ്യുക.ശമ്പള റിക്കവറികളും പെൻഷൻ കോൺട്രിബ്യൂഷനും എൻപിഎസ് വിഹിതവും എല്ലാമാസവും 3-)ം തിയ്യതിക്കു മുമ്പായി അടക്കുന്നതിന് നടപടി സ്വീകരിക്കുക. ബന്ധപ്പെട്ട രജിസ്റ്ററുകൾ സൂക്ഷിക്കുക. ബന്ധപ്പെട്ട ഓൺലൈൻ അപ്ഡേഷനുകൾ യഥാസമയം വരുത്തുക.
11. ജനപ്രതിനിധികളുടെ ഓണറേറിയം, സിറ്റിംഗ് ഫീ, യാത്രാ ബത്ത, ഫോൺബത്തഎന്നിവയുടെ ബില്ലുകൾ യഥാസമയം തയ്യാറാക്കുക, തുക വിതരണം ചെയ്യുക.
12. ജീവനക്കാരുടെ ഇൻക്രിമെന്റ്, അവധി അപേക്ഷ, മെഡിക്കൽ റീ ഇംപേഴ്സ്മെൻറ് എന്നിവ സംബന്ധിച്ച നടപടി എടുക്കുക. ഇൻക്രിമെൻറ് രജിസ്റ്റർ, എസ്റ്റാബ്ലിഷ് മെൻറ് റജിസ്റ്റർ എന്നിവ എഴുതി തയ്യാറാക്കുക.

13. ജീവനക്കാരുടെ പെൻഷൻ സംബന്ധിച്ച ഫയലുകളും തപാലുകളും മുന്തിയ പരിഗണന നൽകി സമയബന്ധിതമായി നടപടി പൂർത്തീകരിക്കുക.
14. കുടിശ്ശിക ക്ഷാമബത്ത യഥാസമയം അടവുവരുത്തുക. പഞ്ചായത്ത് ഓഫീസ് ജീവനക്കാരുടെ തൊഴിൽ നികുതി റിക്കവറി നടത്തുക. ഇൻകം ടാക്സ് റിട്ടേണുകള് സമർപ്പിക്കുക. ജീവനക്കാരുടെ വാർഷിക സമ്പാദ്യസ്റ്റേറ്റ്മെൻറ് വാങ്ങി ഭദ്രമായി ഹെഡ് ക്ലാർക്കിന് നൽകുക.
15. ജീവനക്കാരുടെ എസ്റ്റാബ്ലിഷ് മെൻറ് ഫയലുകൾ, സേവന പുസ്തകങ്ങൾ എന്നിവയുടെ കസ്റ്റോഡിയനും കൈകാര്യവും . LPC, സേവന പുസ്തകങ്ങൾ എന്നിവ യഥാസമയം അയക്കൽ.
16. മാസ്റ്റർ ഇൻകംബെൻസി രജിസ്റ്റർ എഴുതി തയ്യാറാക്കുക.
17. ജീവനക്കാരുടെ ഇൻകം ടാക്സ് സംബന്ധിച്ച അടവ് റിട്ടേൺ ഫയൽ ചെയ്യൽ എന്നിവ സമയബന്ധിതമായി നിർവ്വഹിക്കുക.
18. ബസ് സ്റ്റാൻറ് കംഫർട്ട് സ്റ്റേഷൻ മൽസ്യ മാർക്കറ്റ് ടാക്സി സ്റ്റാൻറ് എന്നിവ ലേലമെടുക്കുന്നവരിൽ നിന്നും ഫീസ് പിരിക്കുക.വിവിധ ലേലങ്ങളും ക്വട്ടേഷനും യഥാസമയം നടത്തുക.
19. ടാക്സി സ്റ്റാൻറ്, പാർക്കിംഗ് സ്ഥലം , സ്റ്റേഡിയങ്ങൾ, എന്നിവയുടെ മേൽനോട്ടവും, ഫയൽകൈകാര്യവും.
20. പഞ്ചായത്ത് ജീപ്പ്, ട്രാക്ടർ എന്നീ വാഹനങ്ങളുടെ ചുമതല അതുമായി ബന്ധപ്പെട്ട ഫ്യൂവൽ കൺസെംപ്ഷൻ രജിസ്റ്റർ, റിപ്പയർ റജിസ്റ്റർ , വെഹിക്കിൾ എഫിഷൻസി റജിസ്റ്റർ തുടങ്ങിയവ കൃത്യമായി എഴുതി തയ്യാറാക്കി സൂക്ഷിക്കുക.
21. വാഹനങ്ങൾ സംബന്ധിച്ച ഫയലുകൾ, റജിസ്റ്ററുകൾ എന്നിവയുടെ സൂക്ഷിപ്പ്, അർ സി ബുക്ക്, മറ്റ് രേഖകൾ സൂക്ഷിക്കുക , വാഹനങ്ങളുടെ ഹിസ്റ്ററി ബുക്ക് യഥാസമയം അവശ്യമായയചേർക്കലുകൾ നടത്തി സൂക്ഷിക്കുക. ഇൻഷ്വൂറൻസ്, ടാക്സ് എന്നിവ യഥാക്രമം ഒടുക്കുക.
22. ബജറ്റ് വിഹിതത്തിന് വിധേയമായി ഇന്ധന ഇൻറൻറ് നൽകുക, ചെലവ് നടത്തുക, വാഹനങ്ങളുടെ ലോഗ്ബുക്കുകൾ കൃത്യമാക്കി സൂക്ഷിക്കുക.
23. ഡ്രൈവർമാർ ലോഗ് ബുക്കിൽ കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നുണ്ടെന്ന് ഉറപ്പവരുത്തുക.
24. വാഹനഉപയോഗം നിയമാനുസൃതമാണെന്ന് ഉറപ്പവരുത്തുക.
25. ഇന്ധനക്ഷമത വർഷത്തിലൊരിക്കൽ പരിശോധിക്കുന്നത് ഉറപ്പവരുത്തുക.
26. മണൽ വിതരണവുമായി ബന്ധപ്പെട്ട അപേക്ഷകളിൽ മേൽ നടപടി സ്വീകരിക്കുക, മണൽ വിറ്റു വരവുമായി ബന്ധപ്പെട്ട എല്ലാവിധ അക്കൌണ്ടുകളും കൃത്യമായി എഴുതി തയ്യാറാക്കുക, ഓൺലൈൻ പാസ്സ് പ്രകാരം നൽകുന്ന മണലിൻറേയുംപി ഫോറം പ്രകാരം പഞ്ചായത്തിൽ നിന്ന് നേരിട്ട്നൽകുന്ന മണലിൻറെയും വില കൃത്യമായി പഞ്ചായത്ത് അക്കൌണ്ടുകളിൽ വരവ് വരുന്നു വെന്ന് ഉറപ്പവരുത്തുക.
27. ലീഗൽ സർവ്വീസസ് അതോറിറ്റിയുമായി ബന്ധപ്പെട്ട ഫയലുകളുടെ നടപടികൾ
28. നിയമസഭാ/ലോകസഭാ/ രാജ്യസഭാ/ ചോദ്യം സംബന്ധിച്ച ഫയൽ കൈകാര്യം.
29. നിയമസഭ സബ്ജറ്റ് കമ്മിറ്റിയുമായി ബന്ധപ്പെട്ട ഫയൽ കൈകാര്യം, ഓഡിറ്റ്ച ചുമതല എന്നിവ.
30. സേവനാവകാശം സംബന്ധിച്ച സെക്ഷൻ ക്ലാർക്കായി പ്രവർത്തിക്കുക, ഫയൽ, രജിസ്റ്റർ എന്നിവയുടെ കൈകാര്യം ,പിരിയോഡിക്കൽ റിപ്പോർട്ടുകൾ, ആന്വൽ റിപ്പോർട്ട് എന്നിവ നൽകൽ.
31. SC പ്രമോട്ടറുമായി ബന്ധപ്പെട്ട ഫയൽ കൈകാര്യം
32. പഞ്ചായത്ത് പരിധിയിൽ കുടിവെള്ളത്തിനായി സ്ഥാപിച്ച പൊതു വാട്ടർ ടാപ്പുകളുടെമേൽനോട്ട ചുമതലകളും ഫയൽ കൈകാര്യവും,വാട്ടർ ടാപ്പുകൾ പ്രവർത്തനക്ഷമമാണോയെന്ന് കേരള ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുക. വാടക/കരം ഇനത്തിൽ ധനനഷ്ടം ഉണ്ടാവുന്നില്ലെന്ന് ഉറപ്പ വരുത്തുക. രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുക.

33. പ്രിൻറ് ചെയ്ത് ലഭിക്കുന്ന മാന്വൽ രസീപ്റ്റ് ബുക്കുകളുടെ കസ്റ്റോഡിയനും കൈകാര്യവും സ്റ്റോക്ക് രജിസ്ററർ സൂക്ഷിക്കലും.
34. റിക്കാർഡ് റൂമിൽ സൂക്ഷിച്ചിരിക്കുന്ന ഫയൽ/രജിസ്റ്റർ ആവശ്യമായി വരുന്ന പക്ഷം ആയവ റിക്കാർഡ് റൂം കീപ്പറുടെ അനുവാദത്തോടെ ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തി കൈപ്പറ്റേണ്ടതും ഉപയോഗം കഴിഞ്ഞ ശേഷം ഭദ്രമായി തിരികെ ഏല്പിക്കേണ്ടതുമാണ്.
35. ലോക്കൽഫണ്ട് ഓഡിറ്റ്, അക്കൌണ്ടൻറ് ജനറൽ ഓഡിറ്റ് ,പെർഫോർമെൻസ് ഓഡിറ്റ് എന്നിവയുടെ ചുമതല. ഓഡിറ്റ് റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് അക്കൌണ്ടിൻറെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നടപടി സ്വീകരിക്കുക. ഓഡിറ്റ് റിപ്പോർട്ടുകൾ ബന്ധപ്പെട്ടവർക്ക് അയച്ചുകൊടുക്കുക. ഓഡിറ്റ് ഖണ്ഡികകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുക. ഓഡിറ്റ് റിക്കവറികൾ യഥാസമയം നടത്തുക, അവയുടെ റജിസ്റ്റർ തയ്യാറാക്കുക, ജീവനക്കാർക്ക് NLC നൽകുമ്പോൾ ഓഡിറ്റ് ഖണ്ഡിക പരിശോധിച്ച് ഓഡിറ്റ് തടസ്സമില്ലെന്ന് ഉറപ്പുവരുത്തുക.
36. നിയമസഭ അക്കൌണ്ട്സ് സമിതി മുൻപാകെയുള്ള ഫയലുകളുടെ കൈകാര്യം, സമാഹൃത റിപ്പോ® ട്ടിന് മറുപടി എന്നീ ചുമതലകളും നി® വ്വഹിക്കുക.
37. കൂടാതെ പ്രസിഡൻറ്, സെക്രട്ടറി എന്നിവർ നിർദ്ദേശിക്കുന്ന മറ്റ് ഔദ്യോഗിക ജോലികൾ പൊതു ഉത്തരവാദിത്വമായി കാണിച്ച ചുമതലകൾ ബാധകമാകുന്നതാണ്.
38. ബിരുദ വിദ്യാർത്ഥി, സാക്ഷരതാ പ്രവർത്തനം പ്രേരകുമാർ എന്നിവയുടെ പ്രവർത്തന ചുമതലയും ഫയലിൻറ കൈകാര്യവും
39. കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള എല്ലാ ഇലക്ട്രിക്കൽ ഉപകരണങ്ങളും, ക്ലോക്ക്, ഓഫീസ് ഫർണ്ണീച്ചറുകൾ എന്നിവയുടെ മേല്നോട്ടവും, ഉത്തരവാദിത്വവും നിർവ്വഹിക്കുക. ഉപകരണങ്ങളുടെ AMC കൃത്യമായി എടുക്കുന്നതിന് ടെക്നിക്കൽ അസിസ്റ്റൻറ് മുഖാന്തിരം നടപടി സ്വീകരിക്കുക. ടോണർ,consumable items എന്നിവ സമയത്ത് നൽകുന്നുവെന്ന് ഉറപ്പുവരുത്തുക

<u>SC2-സെക്ഷൻ -(സീനിയ® ക്ലാ® ക്ക്)</u>

1. സെക്ഷനുമായി ബന്ധപ്പെട്ടുവരുന്ന എല്ലാ തപാലുകളും യഥാസമയം P R ൽ ചേർത്ത് നടപടി സ്വീകരിക്കുക.
2. <u>പൊതു തിരഞ്ഞെടുപ്പ് ചുമതല</u>- പഞ്ചായത്ത് തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഫയലുകളും രജിസ്റ്ററുകളും സൂക്ഷിക്കുക. വാർഡുകളുടെ അതിർത്തി പുനർനിർണ്ണയം വാർഡുകളുടെ പുനർവിഭജനം, വോട്ടർ പട്ടിക തയ്യാറാക്കൽ, ഒഴിവാക്കൽ തിരുത്തൽ ഇവ സംബന്ധിച്ച ഹിയറിംഗ്, അന്തിമ വോട്ടർപട്ടിക തയ്യാറാക്കൽ പ്രസിദ്ധീകരിക്കൽ, ഇവയുടെ സൂക്ഷിപ്പ് പോളിംഗ് സ്റ്റേഷനുകൾനിശ്ചയിക്കൽ തെരെഞ്ഞെടുപ്പ് ഉപതെരഞ്ഞെടുപ്പ് നടത്തൽ തുടങ്ങി പഞ്ചായത്ത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിലും നടപടി കൈക്കൊള്ളുക. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ റിപ്പോർട്ടുകളും സമയബന്ധിതമായി നൽകുക. പ്രസിഡൻറ്/വൈസ് പ്രസിഡൻറ് സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ/ അംഗങ്ങൾ തെരഞ്ഞെടുപ്പ്, അവിശ്വാസം, ഉപതെരഞ്ഞെടുപ്പ്, അംഗങ്ങളുടെ അയോഗ്യത. ആസ്തിവിവരങ്ങൾ, തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടകേസ് ഇവയുടെ ഫയൽ കൈകാര്യവും നടപടികളും സ്വീകരിക്കുക. നിയസഭാ, ലോകസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുക.
3. എല്ലാവിധ ബിൽഡിംഗ് പെർമിറ്റുകളുമായും പെർമിറ്റ് പുതുക്കലുകളുമായും ക്രമവത്ക്കരണവുമായും ബന്ധപ്പെട്ട പ്ലാനുകൾ കൈകാര്യം ചെയ്യുക.
4. ബിൽഡിംഗ് പെർമ്മിറ്റ് അപേക്ഷകളിൽ മുൻഗണനാക്രമം പാലിച്ച് പെർമിറ്റ് എഴുതി തയ്യാറാക്കുന്നതിന് പ്രത്യേകം ശ്രദ്ധപതിപ്പിക്കുക.

5. അനധികൃത നി® മ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുക. അത്തരം നി® മ്മാണങ്ങളുടെ ലിസ്റ്റ് എല്ലാ മാസവും ഫീൽഡിൻറെ ചുമതലയുള്ള ക്ലാ® ക്കുമാരിൽ നിന്നും വാങ്ങി തുടർ നടപടികൾ സ്വീകരിക്കുക.
6. തണ്ണീർത്തടം/ ഡാറ്റാബേങ്ക് ,CRZ ഇവ സംബന്ധിച്ച ഫയൽ കൈകാര്യം ചെയ്യുക. ഇത് സംബന്ധിച്ച് സ® ക്കാ® കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്ക് വിധേയമായി പ്രവ® ത്തിക്കുക.
7. സെക്ഷനുമായി ബന്ധപ്പെട്ട കമ്മിറ്റികളുടെ മിനുട്സും, ഫയലുകളും കൈകാര്യം ചെയ്യുക.
8. സങ്കേതം സോഫ്റ്റ് വെയറുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിർവ്വഹിക്കുക.
9. എല്ലാവിധ സെൻസസുകളുടേയും ഫയൽ കൈകാര്യം ചെയ്യൽ.
10. റിക്കാർഡ് റൂമിൽ സൂക്ഷിച്ചിരിക്കുന്ന ഫയൽ/രജിസ്റ്റർ ആവശ്യമായി വരുന്ന പക്ഷം ആയവ റിക്കാർഡ് റൂം കീപ്പറുടെ അനുവാദത്തോടെ ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തി കൈപ്പറ്റേണ്ടതും ഉപയോഗം കഴിഞ്ഞ ശേഷം ഭദ്രമായി തിരികെ ഏല്പിക്കേണ്ടതുമാണ്.
11. പ്രസിഡൻറ്, സെക്രട്ടറി എന്നിവർ നിർദ്ദേശിക്കുന്ന മറ്റ് ഔദ്യോഗിക ജോലികളും, പൊതു ഉത്തരവാദിത്വമായി കാണിച്ച ചുമതലകളും ബാധകമാകുന്നതാണ്.
12. പഞ്ചായത്ത് കേസ് സംബന്ധിച്ച ഫയലിൻറെയുംരജിസ്റ്ററുകളുടേയും സൂക്ഷിപ്പും, നടത്തിപ്പും ഉത്തരവാദിത്തത്തോടെ നിർവ്വഹിക്കുക. Suit Register Updateചെയ്ത് വെക്കുക. കേസ് സംബന്ധമായ കാര്യങ്ങൾ വീഴ്ച കൂടാതെ സെക്രട്ടറിക്ക് രേഖാമൂലം നൽകുക.
13. മനുഷ്യാവകാശ കമ്മീഷൻ, വനിതാ കമ്മീഷൻ ട്രൈബ്യൂണൽ കേസുകൾ എന്നിവയുടെ ചുമതലകളും ഫയൽ/ റജിസ്റ്ററുകളുടേയും സൂക്ഷിപ്പും, നടത്തിപ്പും.

<u>SC3-സെക്ഷൻ -(സീനിയ® ക്ലാ® ക്ക്)</u>

1. വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ രജിസ്റ്ററുകളുടേയും, ഫയലുകളുടേയും സൂക്ഷിപ്പ്( MGNREGA ഒഴികെ)
2. പദ്ധതി രൂപീകരണ നിർവഹണ മോണിറ്ററിംഗ് പ്രവർത്തനങ്ങൾ നടത്തുക, വർക്കിംഗ് ഗ്രൂപ്പ്, ഗ്രാമസഭ, വികസന സെമിനാർ എന്നിവയ്ക്ക് നടപടി സ്വീകരിക്കുക പദ്ധതി അംഗീകാരം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക. പ്രൊജക്ടിന് AS,TS,FS ഇവയ്ക്കുള്ള നടപടി സ്വീകരിക്കുക,
3. അതാത് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിശ്ചിത സമയത്തിനകംഗുണഭോക്തൃ ലിസ്റ്റ് നൽകുക. ഗുണഭോക്തൃ തെരെഞ്ഞെടുപ്പ് നടപടി ക്രമം പാലിച്ച് നടത്തുന്നതിന് നടപടി സ്വീകരിക്കുക, അപേക്ഷകൾ കൃത്യമായി സൂക്ഷിച്ച് ബന്ധപ്പെട്ട നിർവ്വഹണ ഉദ്വോഗസ്ഥർക്ക് രശീതി വാങ്ങി കൈമാറുക. ഗുണഭോക്തൃ ലിസ്റ്റ് ബൈൻറ് ചെയ്ത് സൂക്ഷിക്കുക.
4. ടെണ്ടർ പ്രവർത്തികൾക്കാവശ്യമായ നടപടി സ്വീകരിക്കുക.
5. പ്രൊജക്ട് രജിസ്റ്റർ, ACR എന്നിവ യഥാവിധി തയ്യാറാക്കി സൂക്ഷിക്കുക. പദ്ധതി പുരോഗതി റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിക്കുക.
6. എഗ്രിമെൻറ് രജിസ്റ്റർ ഗവ. ഡ്യൂസ് രജിസ്റ്റർ എന്നിവ യഥാവിധി എഴുതുക പദ്ധതിയുമായി ബന്ധപ്പെട്ട മുഴുവൻ ഫയലുകളും രജിസ്റ്ററുകളും, രേഖകളും കൈകാര്യം ചെയ്യുക. കൃത്യമായി എഴുതുക, മറ്റു നിർവ്വഹണ ഉദ്വോഗസ്ഥർ അലോട്ട്മെൻറ് ആവശ്യപ്പെടുന്ന ഘട്ടത്തിൽ അപേക്ഷ പരിശോധിച്ച് ഓതറൈസേഷൻ തയ്യാറാക്കി അക്കൌണ്ടൻറിന് നൽകുക.
7. പൂർത്തിയായ പദ്ധതികളുടെ ബില്ലുകൾ തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിക്കുക വികേന്ദ്രീകൃതാസൂത്രണം സംബന്ധിച്ച പൊതു പരാതികൾ കൈകാര്യം ചെയ്യുക തീർപ്പ് കൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുക

8. സെക്രട്ടറി, അസി സെക്രട്ടറി എന്നിവരുടെ നിർവ്വഹണത്തിലുള്ള പദ്ധതികളുടെ ക്ലാർക്കായി പ്രവർത്തിക്കുക.
9. M ബുക്കുകളുടെ സ്റ്റോക്ക് റജിസ്റ്റര് സൂക്ഷിക്കുക
10. വിവിധ ഭവന പദ്ധതിയുടെ ഫയലുകൾ അപേക്ഷകൾ എന്നിവ കൈകാര്യം ചെയ്യുക. ബാങ്ക് ലോൺ സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുക
11. അക്ഷയ സെൻററിന്റെ മേൽനോട്ടം
12. ഇ ഗ്രാമസ്വരാജ് പോർട്ടൽ സംബന്ധിച്ച കാര്യങ്ങൾ
13. M N ലക്ഷം വീട് പദ്ധതി സംബന്ധിച്ച ഫയലുകൾ കൈകാര്യം ചെയ്യുക.
14. പൊതുമരാമത്ത് പ്രവർത്തികളിൽനിന്നും, മറ്റിനങ്ങളിൽനിന്നും ഈടാക്കിയ വിവിധ നികുതികൾ, സെസ്സുകൾഎന്നിവ നിശ്ചിത സമയത്തിനകം അടവാക്കുന്നതിന് നടപടി സ്വീകരിക്കുക, ആയതിൻറെ സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ടവർക്ക് നൽകുക. ആയതിൽ വരുന്ന വിഴ്ച വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതായിരിക്കും.
15. I A Y ലിസ്റ്റ് സംബന്ധിച്ച കാര്യങ്ങൾ
16. ലൈഫ് പദ്ധതി സംബന്ധിച്ച ഫയലുകൾ/രജിസ്ററുകൾ കൈകാര്യം ചെയ്യുക.
17. ഗ്രാമസഭ മിനുട്സ് ബുക്ക് സൂക്ഷിക്കുക, കോ- ഓഡിനേറ്റർമാരെ നിശ്ചയിക്കുക, ഗ്രാമസഭാ നടത്തിപ്പിന് സ്ഥാപനങ്ങൾ ലഭ്യമാക്കുക
18. തെരുവുവിളക്ക്സംബന്ധിച്ച രജിസ്റ്റർ, ഫയൽ എന്നിവയുടെകൈകാര്യം, പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ച തെരുവുവിളക്കുകൾ കത്തുന്നു/ റിപ്പയർചെയ്യുന്നുഎന്ന്ഉറപ്പുവരുത്തുക. തെരുവ് വിളക്ക് പ്രവർത്തനക്ഷമമാണോഎന്ന് KSEB യുമായിചേർന്ന് സംയുക്ത പരിശോധനനടത്തുന്നതിന് നടപടി സ്വീകരിക്കുക, രജിസ്റ്റർ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുക.
19. ബ്ലോക്ക്, ജില്ലാപഞ്ചായത്ത് തുടങ്ങിയ സ്ഥാപനങ്ങളിലേക്കുള്ള ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി നൽകുക.
20. ലോൺ സംബന്ധിച്ച ഫയലിൻറെ കൈകാര്യം, തിരിച്ചടവ് എന്നിവ.
21. ഊർജ്ജസുരക്ഷാപദ്ധതി, അനർട്ട്, റെയ്ഡ്കോ സംബന്ധിച്ച കാര്യങ്ങൾ.
22. I K M മായി ബന്ധപ്പെട്ട കാര്യങ്ങൾ.
23. വികസന സ്റ്റാൻറിംഗ് കമ്മിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ നോട്ടീസ് ബുക്ക്/ ഹാജർബുക്ക്, മിനിട്ട്സ് ബുക്ക്, അജണ്ടബുക്ക് എന്നിവയുടെ കൈകാര്യവും, പരിപാലനവും, മിനുട്സ് തയ്യാറാക്കുക, പകർപ്പ് എടുത്ത് അടുത്ത പഞ്ചായത്ത് യോഗത്തിൽ ലഭ്യമാക്കുക.
24. പശ്ചിമഘട്ട വികസന പദ്ധതി, നബാർഡ്, MP/MLA ഫണ്ട്, വരൾച്ചാ ഫണ്ട്, സാഗിതുടങ്ങി എല്ലാവിധ കേന്ദ്ര, സംസ്ഥാനാവിഷ്കൃത ഫണ്ടിൻറെയും ഫയൽ റജിസ്റ്റർ എന്നിവയുടെ കൈകാര്യം.
25. മുഴുവൻ പൊതുമരാമത്ത് പ്രവർത്തികളും നടപടിക്രമം പാലിച്ച് നടക്കുന്നതായി ഉറപ്പുവരുത്തുക. ഫയലുകൾ, റജിസ്റ്ററുകൾ കൈകാര്യം ചെയ്യുക.
26. പെറ്റിവർക്കുകൾ നിയമാനുസൃതം നടത്തുന്നതിന് നടപടി സ്വീകരിക്കുക.
27. ലാൻറ് അക്വിസിഷൻ സംബന്ധിച്ച നടപടി സ്വീകരിക്കുക.
28. പർച്ചേയ്സിംഗ് കമ്മിറ്റി, പ്രൊക്യൂയർമെൻറ് കമ്മിറ്റി, മോണിറ്ററിംഗ് കമ്മറ്റികള് എന്നിവയുടെ മിനുട്സ് കൈകാര്യവും യോഗംനടത്തിപ്പും.
29. വാതിൽപ്പടി സേവനം സംബന്ധിച്ച ഫയലുകൾ കൈകാര്യം ചെയ്യുക

30. LH കോളനി, ഭൂരഹിതർ, മിച്ചഭൂമി, 4 സെൻറ് കോളനി, സുനാമി കോളനിപുറമ്പോക്ക്,MN ലക്ഷം വീട് എന്നിവ സംബന്ധിച്ച ഫയൽ കൈകാര്യം.
31. ആസ്തി രജിസ്റ്റർ സംബന്ധിച്ച കസ്റ്റോഡിയനായിരിക്കുക. ആസ്തി രജിസ്റ്റർ കാലാനുസൃതമായി സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുക. റോഡ് രജിസ്റ്റർ, ഇമ്മൂവബിൾ പ്രോപ്പർട്ടി റജിസ്റ്റർ, കുടിവെള്ള പദ്ധതി റജിസ്റ്റർ, എന്നിവയുടെ സൂക്ഷിപ്പും കൈകാര്യവും . വിവിധ ആസ്തികളുടെ ആധാരങ്ങൾ ഭദ്രമായി സൂക്ഷിക്കുക. ആധാരങ്ങളുടെ ലിസ്റ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി വെക്കുക. നികുതികൾ ഒടുക്കുന്നതിന് നടപടി സ്വീകരിക്കുക.
32. സംസ്ഥാനാവിഷ്കൃത പദ്ധതി സംബന്ധിച്ച നടപടി സമയബന്ധിതമായി സ്വീകരിക്കുക. കൈമാറ്റം ചെയ്തുകിട്ടിയമുഴുവൻ സ്ഥാപനങ്ങളുടേയും ഫയലുകൾ റജിസ്റ്ററുകൾ എന്നിവ കൈകാര്യം ചെയ്യുക. ഈ വിഭാഗം ഫണ്ടിൻറെ കൈകാര്യം ചെയ്യൽ , ACR കൃത്യമായി എഴുതി തയ്യാറാക്കുക. അലോട്ട്മെൻറ് തുക ലാപ്സാകാതെ ശ്രദ്ധിക്കുക. ആവശ്യമായ അലോട്ട്മെൻറിന് കത്തിടപാടുകൾ നടത്തുക. മേൽ പറഞ്ഞ അലോട്ട് മെൻറ് പ്രകാരമുള്ള ആവശ്യമു തുകയ്ക്കുള്ള ബിൽ തയ്യാറാക്കി അക്കൗണ്ടന്റിന് നൽകുക.
33. ആശ്രയ, കുടുംബശ്രീ യുമായി ബന്ധപ്പെട്ട ഫയലുകൾ കൈകാര്യം ചെയ്യുക.
34. നദീതീര സംരക്ഷണം, പൊതുജലാശയങ്ങളുടെ സംരക്ഷണം സംബന്ധിച്ച കാര്യങ്ങളുടെ ചുമതല.
35. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട റജിസ്റ്ററുകൾ, ഫയലുകൾ എന്നിവ കൈകാര്യം ചെയ്യുക, ചട്ടങ്ങൾക്കും, ഉത്തരവുകൾക്കും വിധേയമായി നടപടി സ്വീകരിക്കുക, തൊഴിലുറപ്പുമായി ബന്ധപ്പെട്ട് CDS/ADS, സോഷ്യൽ ഓഡിറ്റ് ടീം, വിജിലൻസ് മോണിറ്ററിംഗ് കമ്മിറ്റി എന്നിവയുടെ പ്രവർത്തനം യഥാവിധി നടക്കുന്നു വെന്ന് ഉറപ്പാക്കുക. ബില്ലുകൾ പരിശോധിച്ച് നിയമാനുസൃതമാണെന്ന് ഉറപ്പ് വരുത്തുക. തൊഴിലുപകരണങ്ങളുടെ ലിസ്റ്റ് സൂക്ഷിക്കുക, എഗ്രിമെൻറ് പുതുക്കൽ യഥാസമയം നടത്തുക, കാലാകാലങ്ങളിൽ തൊഴിലുപകരണങ്ങളുടെ സ്റ്റോക്ക് എടുക്കുക, റിപ്പോർട്ട് സെക്രട്ടറിയ്ക്ക് നൽകുക തൊഴിൽ കൂലി നിശ്ചിത സമയത്ത് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. ഫണ്ടിനുള്ള അപേക്ഷകൾ യഥാസമയം നൽകുന്നതിന് നടപടി സ്വീകരിക്കുക.
36. സ്വജൽധാര, കുടിവെള്ളപദ്ധതികൾ, പൊതു വാട്ടർ ടാപ്പുകൾ, KWA ജലനിധി, ജലജീവൻ മിഷൻ എന്നിവയുമായി ബന്ധപ്പെട്ട പ്രൊജക്ടുകളുടെ ചുമതല.
37. പഞ്ചായത്ത് പരിധിയിൽ കുടിവെള്ള പദ്ധതിക്കായി സ്ഥാപിച്ച പൊതുവാട്ടർ ടാപ്പുകളുടെ മേൽനോട്ട ചുമതലകളും, ജലജീവൻ മിഷൻ, ജലനിധി പദ്ധതി പ്രകാരമുള്ള പ്രൊജക്ടുളുടെ ഫയൽ സൂക്ഷിപ്പ് ഏകോപനവും ഫയൽ കൈകാര്യവും.
38. പഞ്ചായത്ത് ഭരണ സമിതി, സ്റ്റിയറിംഗ് കമ്മിറ്റി എന്നീ യോഗങ്ങൾ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുക. അംഗങ്ങൾക്ക് നോട്ടീസ് നൽകുന്നുവെന്ന് ഉറപ്പ് വരുത്തുക. സക® മ്മ വഴി അജണ്ട, കരട് മിനുറ്റ്സ് എന്നിവ തയ്യാറാക്കൽ, പ്രസിഡണ്ടിൽ നിന്നും അംഗീകാരം വാങ്ങൽ എന്നീകാര്യങ്ങൾ നി® വ്വഹിക്കുക. പഞ്ചായത്ത് മീറ്റിംഗിൽ സെക്രട്ടറിക്ക് ഒപ്പം പങ്കെടുക്കേണ്ടതാണ്.
39. ഭരണസമിതി തീരുമാനം പകർപ്പ് എടുക്കുകയും, ആവശ്യമനുസരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥർ, സെക്ഷൻക്ലാർക്ക്, ജനപ്രതിനിധികൾ എന്നിവർക്ക് ലഭ്യമാക്കുകയും ചെയ്യുക.
40. ഭരണസമിതി തീരുമാനം കരട് തീരുമാന റജിസ്റ്ററിൽ നിന്നും ഭരണസമിതി തീരുമാന റജിസ്റ്ററിലേയ്ക്ക് പകർത്തി എഴുതുക.
41. പൌരാവകാശ രേഖ, സർക്കാർ ഉത്തരവ് പ്രകാരം അതാത് കാലത്ത് പുതുക്കി പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുക

42. റിക്കാർഡ് റൂമിൽ സൂക്ഷിച്ചിരിക്കുന്ന ഫയൽ/രജിസ്റ്റർ ആവശ്യമായി വരുന്ന പക്ഷം ആയവ റിക്കാർഡ് റൂം കീപ്പറുടെ അനുവാദത്തോടെ ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തി കൈപ്പറ്റേണ്ടതും ഉപയോഗം കഴിഞ്ഞ ശേഷം ഭദ്രമായി തിരികെ ഏല്പിക്കേണ്ടതുമാണ്.
43. പ്രസിഡൻറ്, സെക്രട്ടറി എന്നിവർ നിർദ്ദേശിക്കുന്ന മറ്റ് ഔദ്യോഗിക ജോലികളും, പൊതു ഉത്തരവാദിത്വമായി കാണിച്ച ചുമതലകളും ബാധകമാകുന്നതാണ്.

<u>ഹെൽ ത്ത് ഇൻ സ്പെക്ടർ</u>

1 **D&O/FTE & OS ലൈസൻസ് അപേക്ഷകളിൻമേൽ യഥാസമയം നടപടി സ്വീകരിക്കുക.** ട്രേഡേഴ്സ് റജിസ്റ്റർ, D & O ട്രേഡ് ലൈസൻസ് /FTE & OS ഡിമാൻറ് റജിസ്റ്റർ, കുടിശ്ശിക ഡിമാൻറ് റജിസ്റ്റർ ലൈസൻസ് പെർമിഷൻ റജിസ്റ്റർ തുടങ്ങി ലൈസൻസുമായി ബന്ധപ്പെട്ട എല്ലാ റജിസ്റ്ററുകളും ഫയലുകളും കൈകാര്യം ചെയ്യുക.

a) മുഴുവൻ വാർഡുകളിലെയും ട്രേഡേഴ്സ് ലിസ്റ്റ് ചുമതലപ്പെട്ട വാർ ഡ് ക്ലാർ ക്കുമാരിൽ നിന്നും സമയബന്ധിതമായി ശേഖരിച്ച് അംഗീകാരം വാങ്ങി വെക്കുക.
b) ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ചെറുതും വലുതുമായ എല്ലാ വ്യാപാര സേവന സ്ഥാപനങ്ങൾക്കും എതിരെ പഞ്ചായത്ത് രാജ് ആക്ടിലെ ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം യഥാസമയം നടപടി സ്വീകരിക്കുക. ഫാക്ടറി/വ്യാപാരം/സംരംഭകത്വം/മററ് സേവനങ്ങളുടെ ലൈസൻസിനായി / ലഭിക്കുന്ന എല്ലാ അപക്ഷകളിലും മുൻഗണനാക്രമം പാലിച്ച് നടപടി സ്വീകരിക്കുക.
